EKM 322

# അർദ്ധവാർഷിക മൂല്യനിർണ്ണയം 2011-12

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് : 10

സ്കോർ : 80

സമയം : 2¾ മണിക്കൂർ

നിർദ്ദേശങ്ങൾ

ആദ്യത്തെ 15 മിനിട്ട് (സമാശ്വാസ സമയം) ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിനുപയോഗിക്കേണ്ടതാണ്. ആ സമയത്ത് ഉത്തരങ്ങൾ എഴുതാൻ പാടില്ല. സൂചനകളും നിർദ്ദേശങ്ങളും ശരിയായി മനസ്സിലാക്കിയതിനുശേഷം ഉത്തരങ്ങൾ എഴുതുക.

1 ഫാഷിഷസവും നാസിസവും മുന്നോട്ടുവച്ച ആശയങ്ങളിൽ സമാനതകൾ ഉണ്ടായിരുന്നു. വ്യക്തമാക്കുക.

**3 സ്കോർ**

2 ഒന്നാംലോക യുദ്ധാനന്തരം തയ്യാറാക്കിയ സമാധാന ഉടമ്പടികൾ നീതിപൂർവ്വമായിരുന്നില്ല. വേഴ്സായ്, സെവ്റേ സന്ധികളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക

**5 സ്കോർ**

3 ചില രാജ്യങ്ങൾ, ബന്ധപ്പെട്ട വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവയാണ് എ, ബി, സി കോളങ്ങളിൽ ഉള്ളത്. എ കോളത്തിനോടു ചേരുന്നവ ബി, സി കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| ഇറ്റലി | ജനറൽ ഫ്രാങ്കോ | ബോൾഷെവിക്ക് |
| ജർമ്മനി | മുസ്സോലിനി | ബ്രൗൺഷർട്ടസ് |
| റഷ്യ | ഹിറ്റ്ലർ | ബ്ലാക്ക്ഷർട്ട്സ് |
| സ്പെയിൻ | ലെനിൻ | ഫലാൻജനിസം |

**4 സ്കോർ**

4 രണ്ടാം ലോകയുദ്ധാനന്തരം 'സൂര്യനസ്തമിക്കാത്ത സാമ്രാജ്യം' ഇല്ലാതായി. സാമ്രാജ്യത്വ ശക്തികളുടെ ആഫ്രിക്കയിലേയും ഏഷ്യയിലേയും കോളനികൾ സ്വാതന്ത്ര്യം നേടി. ഈ അപ കോളനീകരണത്തിലേയ്ക്ക് നയിച്ച ഘടകങ്ങൾ ഏതൊക്കെയാണ്?

**4 സ്കോർ**

5 ജർമ്മനിയുടെ റഷ്യൻ ആക്രമണവും ജപ്പാന്റെ പേൾഹാർബർ ആക്രമണവും രണ്ടാം ലോകയുദ്ധത്തിന്റെ ഗതി മാറ്റി- വ്യക്തമാക്കുക.

4 സ്കോർ

6 രണ്ടാം ലോക യുദ്ധാനന്തരം രൂപീകരിക്കപ്പെട്ട സൈനിക സഖ്യങ്ങൾ, അവ രൂപീകരിച്ച വർഷം അവയുടെ ആസ്ഥാനങ്ങൾ എന്നിവ A, B, C കോളങ്ങളിൽ നൽകിയിരിക്കുന്നു. A കോളത്തോട് ചേരുന്നവ B, C കോളങ്ങളിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.

5 സ്കോർ

| സൈനിക സഖ്യങ്ങൾ | രൂപീകരിച്ച വർഷം | ആസ്ഥാനം |
|---|---|---|
| നാറ്റോ | 1955 | മോസ്കോ |
| ഡിയാറ്റോ | 1959 | അങ്കാറ |
| സെന്റോ | 1954 | ബ്രസ്സൽസ് |
| വാഴ്സാ | 1949 | ബാങ്കോക്ക് |

7 കാൽപനിക ദർശനങ്ങൾ സാഹിത്യത്തിലുണ്ടാക്കിയ മാറ്റങ്ങൾ എന്തെല്ലാം? **3 സ്കോർ**

8 പ്രത്യക്ഷാനുഭവവാദവും ഭൗതികവാദവും തമ്മിലുള്ള സാമ്യമെന്ത്? **1 സ്കോർ**

9 അണുവിനെ വിഭജിക്കാമെന്നും അതിന്റെ സംയോജനംകൊണ്ട് ഊർജ്ജം ഉത്പാദിപ്പിക്കാമെന്നും ഉള്ള അറിവ് ഉപകാരവും ശാപവുമായതെങ്ങനെ?

**2 സ്കോർ**

10 ദേശീയോദ്ഗ്രഥനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ദേശീയോദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്ന മൂന്ന് ഘടകങ്ങൾ എഴുതുക? അവ എങ്ങനെ തടസ്സമാകുന്നു എന്ന് സമർത്ഥിക്കുക?

5 സ്കോർ

11 ഇന്ത്യയിൽ തനത് സംസ്കാരം രൂപപ്പെടുന്നതിന് ഉത്തരമഹാസമതലം വഹിച്ച പങ്ക് വിശകലനം ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

സ്കോർ : 4

12 ഖാരിഫ്, റാബി എന്നീ കാർഷികകാലങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസം എഴുതുക.

സ്കോർ : 2

13




a. ഭൂപടത്തിൽ a, b, c, d എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏത് ഭൂപ്രകൃതി വിഭാഗങ്ങളാണെന്ന് എഴുതുക?

b. ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷത വീതം എഴുതുക.

**സ്കോർ : 4**

14 കൃഷിയധിഷ്ഠിത വ്യവസായ കേന്ദ്രങ്ങൾ ചില പ്രത്യേക പ്രദേശങ്ങളിൽ കേന്ദ്രീകരിക്കുവാനുള്ള കാരണങ്ങൾ ഒരു ഉദാഹരണ സഹിതം വ്യക്തമാക്കുക.

**സ്കോർ : 3**

15 'വ്യവസായ വികസനത്തിൽ വിവിധ ഗതാഗതമാർഗ്ഗങ്ങളുടെ പങ്ക്' എന്ന സെമിനാറിൽ അവതരിപ്പിക്കേണ്ട പ്രബന്ധത്തിൽ നിങ്ങൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്ന പ്രധാന ആശയങ്ങൾ ഏവ?

**സ്കോർ : 5**

16

ഇന്ത്യയിൽ എല്ലാ പ്രദേശത്തും ജനസംഖ്യാവിതരണം ഒരുപോലെയല്ല കാണപ്പെടുന്നത്. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളും അവയുടെ സ്വാധീനവും വിശദമാക്കുക.

**സ്കോർ : 6**

17

വാണിജ്യ ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും ധർമങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**സ്കോർ : 3**

18

1991-നുശേഷം ഇന്ത്യയിൽ സ്വകാര്യവൽക്കരണത്തിന്റെ ശക്തി വർദ്ധിച്ചതായി കാണാം. നമ്മുടെ സമ്പദ്ഘടനയ്ക്ക് ഇത് ഗുണകരമാണോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

**സ്കോർ : 4**

19 സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടന്ന പ്രധാന സംഭവങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഇവ സംഭവങ്ങൾ നടന്ന ക്രമത്തിലെഴുതുക.

a. ഇന്ത്യ റിപ്പബ്ലിക്കായി

b. ബോംബെ സംസ്ഥാന രൂപീകരണം

c. ഫ്രഞ്ചധീന പ്രദേശങ്ങൾ ഇന്ത്യൻ യൂണിയന്റെ ഭാഗമായി

d. സംസ്ഥാന പുനഃസംഘടന കമ്മീഷൻ നിലവിൽ വന്നു.

e. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്

5 സ്കോർ

20 കേന്ദ്രീകൃത വാസസ്ഥലങ്ങൾ, വിസരിത വാസസ്ഥലങ്ങൾ എന്നിവ രണ്ട് തരം വാസസ്ഥലങ്ങളാണ്. ഈ വാസസ്ഥലങ്ങളുടെ രൂപീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തി വിശദീകരിക്കുക?

സ്കോർ : 2

21 ചുവടെ നൽകിയിട്ടുള്ള ഘടകങ്ങളെ അടിസ്ഥാനമാക്കി ഹിമാലയൻ നദികളെയും ഉപദ്വീപിയ നദികളെയും താരതമ്യം ചെയ്തെഴുതുക?

- അപരദന തീവ്രത
- ജലലഭ്യത
- വൃഷ്ടിപ്രദേശം
- ജലഗതാഗത സാധ്യത

സ്കോർ : 4

22 ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ അതിനെ ഇന്ത്യയുടെ പരമോന്നത ബാങ്ക് എന്ന പദവിയ്ക്ക് അർഹമാക്കി. റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക.

സ്കോർ : 2